"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫയർ & റെസ്ക്യൂ സർവ്വീസസ് - കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് ആമ്നിറ്റി ഫണ്ട് ക്ഷേമനിധിയിലേക്ക് 2024-25 സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1076/2025/HOME തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. സ.ഉ.(എം.എസ്) 70/2018/ആഭ്യന്തരം തീയതി 24.04.2018.

2. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 28.02.2025-ലെ FIREHQ/298/2025-BA1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഫയർഫോഴ്സ് വെൽഫയർ ആന്റ് ഫണ്ട് ആമ്നിറ്റി ക്ഷേമനിധിയിലേക്കുള്ള 2024-2025 സാമ്പത്തികവർഷത്തെ സർക്കാർ ഗ്രാന്റായി 10,56,480/- രൂപ (പത്ത് ലക്ഷത്തി അൻപത്തിയാറായിരത്തി നാന്നൂറ്റി എൺപത് രൂപ) '2070-00-108-96 മറ്റ് ചെലവുകൾ-01 അഗ്നിശമന സേനാ ജീവനക്കാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദാനം-10-സംഭാവന' എന്ന ശീർഷകത്തിൽ നിന്നും മാറി തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കേരള ഫയർഫോഴ്സ് വെൽഫയർ ആൻഡ് ആമ്നിറ്റി ഫണ്ട് കേന്ദ്രകമ്മറ്റിയുടെ പേരിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 799011400007214-ലേയ്ക്ക് വകയിരുത്തുന്നതിന് പരാമർശം (2)-ലെ കത്ത് പ്രകാരം ഡയറക്ടർ ജനറൽ അഭ്യർഥിച്ചിരുന്നു.

2. പ്രസ്തുത ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 1,10,000/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നതിനാൽ '2070-00-108-96-മറ്റ് ചെലവുകൾ-01-അഗ്നിശമന സേനാ ജീവനക്കാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദാനം-10 സംഭാവന' എന്ന ശീർഷകത്തിൽ 9,47,000/- രൂപ (ഒൻപത് ലക്ഷത്തി നാൽപത്തിയേഴായിരം രൂപാ മാത്രം) അഡീഷണൽ ഫണ്ടും അനുവദിക്കണമെന്നും അല്ലായെങ്കിൽ ഈ സാമ്പത്തികവർഷം അനുവദിച്ച തുകയായ 1,10,000/- രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കേരള ഫയർഫോഴ്സ് വെൽഫയർ ആൻഡ് ആമ്നിറ്റി ഫണ്ട് കേന്ദ്ര കമ്മറ്റിയുടെ പേരിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ. 799011400007214-ലേയ്ക്ക് വകയിരുത്തുന്നതിനും ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു '2070-00-108-96 മറ്റ് ചെലവുകൾ-01 അഗ്നിശമന സേനാ ജീവനക്കാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദാനം-10-സംഭാവന' എന്ന ശീർഷകത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതമായ 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) '2070-00-108-96-01-10-00-N-V' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കേരള ഫയർഫോഴ്സ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട് കേന്ദ്ര കമ്മറ്റിയുടെ പേരിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 799011400007214-ലേയ്ക്ക് റിലീസ് ചെയ്ത് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**GEETHA GOPINATH**

ജോയിന്റ് സെക്രട്ടറി

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യു സർവ്വീസസ്, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.
3) ധനകാര്യ വകുപ്പ് (27.03.2025-ലെ വ്യയം-ബി1/172/2025-ഫിൻ പ്രകാരം).
4)വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 28-03-2025 17:37:31

സെക്ഷൻ ഓഫീസർ